SHRI PANAMPILLI GOVINDA MENON: The reply was that the Government of India have taken note of our representation.

SHRI P. V. AVIRA THARAKAN: When do the Government expect to get a definite reply?

SHRI PANAMPILLI GOVINDA MENON: I cannot say.

കുത്തകപ്പാട്ടത്തിനു കൊടുത്തിരുന്ന സ്ഥലങ്ങളിൽനിന്നുള്ള ഇറക്കിവിടൽ.

* 527. [24] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിനുള്ളിൽ ഫുഡ് പ്രൊഡക്ഷൻസ്കീം അനുസരിച്ചു കുത്തകപ്പാട്ടത്തിനു കൊടുത്തിരുന്ന സ്ഥലങ്ങളിൽനിന്നും സാധുക്കളായ കൃഷിക്കാരെ സ്ഥലം റിവർട്ടിബിൾ ആയിട്ടാണെന്നു പറഞ്ഞു ഇറക്കിവിടാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ;

(ബി) ഏതു അടിസ്ഥാനത്തിലാണ് അപ്രകാരം സ്ഥലങ്ങൾ നാൺ റിവർട്ടിബിൾ എന്നും റിവർട്ടിബിൾ എന്നും നിശ്ചയിച്ചിരിക്കുന്നതു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) വനസംരക്ഷണത്തിനു് ബാധകമല്ലാത്ത സ്ഥലങ്ങളിൽ കൃഷിചെയ്തുവരുന്ന കൃഷിക്കാരെ ഒഴിപ്പിക്കാതിരിക്കാൻ നടപടി നടന്നിവരുന്നുണ്ടു്.

(ബി) വനത്തിൽനിന്നും ഒഴിവാക്കി സ്ഥിരമായ കൃഷിക്കു് കൊടുക്കുന്നതുണ്ടു് വനസംരക്ഷണത്തിനു ഹാനികരമാകാവുന്ന വിധത്തിൽ ഉൾവനങ്ങളിലും മറ്റും സ്ഥിതിചെയ്യുന്ന കൃഷിസ്ഥലങ്ങളെ റിവർട്ടിബിൾ എന്നും വനസംരക്ഷണത്തിനു അത്യന്താപേക്ഷിതമല്ലാത്തവിധത്തിൽ സ്ഥിതിചെയ്യുന്ന കൃഷിസ്ഥലങ്ങളെ നാൺറിവർട്ടിബിൾ എന്നും തരംതിരിച്ചിരിക്കുന്നു.

ശ്രീ. പി. ഗോപാലൻ : കുടിപാർക്കുവാൻ സ്ഥലം ഇല്ലാത്ത പല ആളുകളെയും വനങ്ങളിൽനിന്നും ഇറക്കിവിട്ടിട്ടുള്ളതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ഇറക്കിവിട്ടിട്ടില്ല. റിവർട്ടിബിൾ എന്നു പറഞ്ഞു, ആ സ്ഥലത്തുനിന്നും ഇതുവരെ ആരെയും ഇറക്കിവിട്ടതായി അറിവില്ല.

ശ്രീ. പി. ഗോപാലൻ : അങ്ങനെ ഇറക്കിവിട്ടാൽ അവർക്കു് താമസത്തിനായി വേറെ സ്ഥലം കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൺ : അതെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വനഭൂമി റിവർട്ടിബിളാണോ അല്ലയോ എന്നു വിദഗ്ദ്ധന്മാരാണോ തീരുമാനിക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : അതെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അതേസംബന്ധിച്ചു നിവേദനങ്ങൾ കിട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : നിവേദനങ്ങൾ കിട്ടീട്ടുണ്ടു്. അതെ സംബന്ധിച്ചു ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. എ. മാത്യു : ഇതു റിവർട്ടിബിളം ആണോ അല്ലയോ എന്നു് തീരുമാനിക്കുന്നതു ഫാറസ്റ്റു് ഡിപ്പാർട്ടുമെൻറിലെ ചെറിയ ഉദ്യോഗസ്ഥന്മാരാണെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അതു വളരെ അടിസ്ഥാനരഹിതമാണെന്നാണു എനിക്കു പറയാനുള്ളതു്. വളരെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്മാരാണു് അതെപ്പറ്റി അന്വേഷിക്കുന്നതു്.

ശ്രീ. സി. എ. മാത്യു : ഏതടിസ്ഥാനത്തിലാണു് അതു് റിവർട്ടിബിളാണോ അല്ലയോ എന്നു് തീരുമാനിക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : അതു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. കെ. ദിവാകരൻ : അതെസംബന്ധിച്ചുള്ള സർവ്വെ പൂർത്തിയായിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : പലേ സ്ഥലങ്ങളിലും പൂർത്തിയായിക്കൊണ്ടിരിക്കയാണു്.

SHRI P. S. NATARAJA PILLAI : May I know, Sir, whether the separate agency that was created for the survey and settlement of these food production lease areas in the highlands is working now ?

SHRI A. J. JOHN : Yes.

ഗിരിവർഗ്ഗക്കാരുടെ താമസസ്ഥലം.

* 528. [25] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനേക തലമുറകളായി വനത്തിനുള്ളിൽ ജീവിക്കുന്ന ഗിരിവർഗ്ഗക്കാരെ വനം വകുപ്പിൻറെ നിയന്ത്രണത്തിൽനിന്നും വിടർത്തി സ്വതന്ത്രമായി ജീവിക്കാൻ എന്തെങ്കിലും നടപടികൾ ഗവണ്മെൻറു് നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) അവർ കൃഷിചെയ്തു താമസിക്കുന്ന സ്ഥലത്തിനു് അവർക്കു് സ്ഥിരാവകാശമുണ്ടോ ;

(സി) ഇല്ലെങ്കിൽ അവർക്കു് സ്ഥിരാവകാശം ലഭിക്കത്തക്ക നടപടികൾ സ്വീകരിക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) നടപടി നടത്തിയിട്ടുണ്ടു്.

(ബി) ഇതുവരെ ഇല്ല.

(സി) നടപടി സ്വീകരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly